# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2309

23.01.2014 ൽ മറുപടിയ്ക്ക്

## കാർഷിക ഗ്രാമ വികസന ബാങ്ക് പ്രതിമാസ സമ്പാദ്യ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക് പ്രതിമാസ സമ്പാദ്യ പദ്ധതി ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക് പ്രതിമാസ സമ്പാദ്യ പദ്ധതി ആരംഭിക്കാനുദ്ദേശിക്കുന്നു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) അംഗങ്ങളുടെ സമ്പാദ്യ ശീലം വളർത്തി പ്രതികൂലമായ സാമ്പത്തിക സാഹചര്യങ്ങളെ തരണം ചെയ്യുന്നതിനും പ്രാഥമിക ബാങ്കുകളുടെ നോൺ ഫണ്ട് അധിഷ്ഠിത വരുമാനം വർദ്ധിപ്പിക്കുവാനും ആണ് ബാങ്ക് ഉദ്ദേശിക്കുന്നത്. |
| (സി) എന്ത് തുകയുടെ ഫണ്ട് സമാഹരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ; | (സി) 25 മാസം മുതൽ 50 മാസം വരെ കാലാവധിയുള്ള 50,000/- രൂപ മുതൽ 2,00,000/- രൂപ വരെയുള്ള സമ്പാദ്യ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| (ഡി) പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ? | (ഡി) നബാർഡിന്റെ നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് ഒരു വർഷത്തിൽ കുറയാതെയുള്ള ടേം നിക്ഷേപങ്ങൾ രജിസ്ട്രാറുടെ അനുമതിയോടെ സ്വീകരിക്കുന്നതിനുമാത്രമേ അനുവാദമുള്ളൂ. എന്നാൽ പ്രതിമാസ സമ്പാദ്യ |

പദ്ധതി പ്രകാരം നിക്ഷേപം സ്വീകരിക്കുന്നതിന് അനുവാദം നൽകാൻ നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം കഴിയാത്തതിനാൽ ഇക്കാര്യത്തിൽ നബാർഡിന്റെ മാർഗ്ഗ നിർദ്ദേശം ആരാഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ